LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പരിഗണനയിലാണ്.

(ബി) കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 120 പ്രകാരം ഹൈറൈസ് കെട്ടിടങ്ങളുടെ നിർമ്മാണത്തിന് കെട്ടിട നിർമ്മാണ അപേക്ഷയോടൊപ്പം ഭൂകമ്പ പ്രതിരോധത്തിന് സീസ്മിക് ഫോഴ്സ് സംബന്ധമായ നാഷണൽ ബിൽഡിംഗ് കോഡിലെ വ്യവസ്ഥകൾ ഉൾപ്പെടെ പരിഗണിച്ചുകൊണ്ടുള്ള സ്ട്രക്ച്ചറൽ ഡിസൈനും, ഒപ്പം രജിസ്റ്റേർഡ് എഞ്ചിനീയറുടെ സ്ട്രക്ചറൽ സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റും നിർബന്ധമാക്കിയിട്ടുണ്ട്. ടെലികമ്മ്യൂണിക്കേഷൻ ടവറുകൾ നിർമ്മിക്കുന്നതിന് അപേക്ഷ സമർപ്പിക്കുമ്പോഴും ആയവ ഏതൊരു കെട്ടിടത്തിനുമുകളിലാണോ സ്ഥാപിക്കുന്നത് ആ കെട്ടിടത്തിന് സ്ട്രക്ച്ചറൽ സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റ് ചട്ടം 141 പ്രകാരം നിർബന്ധമാക്കിയിട്ടുണ്ട്. കൂടാതെ ചട്ടം 142 പ്രകാരം നിർമ്മാണം പൂർത്തിയാക്കിയശേഷം കംപ്ലീഷൻ സർട്ടിഫിക്കറ്റ് അപേക്ഷകൻ നഗരസഭാ സെക്രട്ടറിക്ക് നൽകുന്നതിനൊപ്പവും സ്ട്രക്ച്ചറൽ സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റ് നിഷ്കർഷിക്കുന്നുണ്ട്.

(സി) കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ ഭേദഗതിക്കായി തയ്യാറാക്കുന്ന കരട് ചട്ടങ്ങൾ റവന്യൂ-ദുരന്ത നിവാരണ വകുപ്പ്, സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി എന്നിവയുടെ പരിഗണനയ്ക്ക് നൽകിവരുന്നുണ്ട്. പ്രസ്തുത വകുപ്പുകൾ നൽകുന്ന നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ട്.

നഗരപരിപാലനത്തിലെ ക്രിയാത്മകതയിൽപ്പെടുത്തുന്നതിന് നടപടി

123 (1492) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കേരളത്തിലെ നഗരങ്ങളിലെ ഖരമാലിന്യ സംസ്കരണത്തിന്റെ കാര്യത്തിൽ നഗരകാര്യവകുപ്പ് പൂർണ്ണമായും പരാജയപ്പെട്ടുവെന്നുള്ള മാധ്യമവാർത്തകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ വിശദീകരണം നല്കുമോ ;

(ബി) ക്രിയാത്മകമായ ഒരു പദ്ധതിയെങ്കിലും നഗരകാര്യവകുപ്പിന് നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടോ ; വിശദാംശം നൽകുമോ ?

ഉത്തരം

(എ&ബി) ഇല്ല. ഇക്കാര്യത്തിൽ ക്രിയാത്മകമായ പദ്ധതി നടപ്പിലാക്കാൻ നഗരകാര്യവകുപ്പിന് കഴിഞ്ഞിട്ടുണ്ട്. കേരളത്തിന്റെ സവിശേഷ സാഹചര്യം

കണക്കിലെടുത്ത് മാലിന്യങ്ങൾ വികേന്ദ്രീകൃതമായി ഉറവിടത്തിൽ തന്നെ തരംതിരിച്ച് സംസ്കരിക്കുക എന്ന ലക്ഷ്യം മുൻനിർത്തി നഗരസഭകളിൽ ഉറവിട മാലിന്യ സംസ്കരണ പദ്ധതി വിജയകരമായി നടപ്പിലാക്കിവരുന്നുണ്ട്. ഇതിനായി പൈപ്പ് കമ്പോസ്റ്റ്, ബയോ ഗ്യാസ് പ്ലാന്റുകൾ എന്നിവ സ്ഥാപിക്കുവാനുള്ള പദ്ധതികൾക്ക് പ്രോത്സാഹനവും സബ്സിഡിയും നൽകിവരുന്നു.

പാലൊളി കമ്മിറ്റിയുടെ ശിപാർശകൾ

124 (1493) ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീ. സി. കെ. നാണു :
ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സച്ചാർ കമ്മിറ്റി റിപ്പോർട്ടിനെ തുടർന്ന് കേരളത്തിൽ നിയമിക്കപ്പെട്ട പാലൊളി കമ്മിറ്റിയുടെ ശിപാർശകൾ വിശദമാക്കാമോ ;

(ബി) പ്രസ്തുത ശിപാർശകൾ നടപ്പിലാക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) പാലൊളി കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകളിൻമേൽ തുടർ നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് കൈമാറിയിട്ടുള്ളത് അവലോകനം ചെയ്യുന്നതിനായി ബഹുമാനപ്പെട്ട നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാനതലകമ്മിറ്റി പുനഃസംഘടിപ്പിച്ചിട്ടുണ്ട്. പാലൊളി കമ്മിറ്റി സമർപ്പിച്ച ശുപാർശകൾ സംബന്ധിച്ച റിപ്പോർട്ട് ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ വെബ്സൈറ്റിൽ (www.minoritywelfare.kerala.gov.in) ലഭ്യമാണ്. ന്യൂനപക്ഷക്ഷേമ കാര്യങ്ങളുമായി ബന്ധപ്പെട്ട് അടിയന്തര പ്രാധാന്യത്തോടെ പരിഗണിക്കേണ്ടതും സത്വര ഭരണ നടപടിക്കായും പാലൊളി കമ്മിറ്റി നിർദ്ദേശിച്ച 10 കാര്യങ്ങളും അതിൻമേൽ സ്വീകരിച്ച നടപടിയും അനുബന്ധമായി ചേർക്കുന്നു. മറ്റുവകുപ്പുകൾ നടപടി സ്വീകരിക്കേണ്ട ശുപാർശകളിൽ നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകുകയും ആയത് നടപ്പിലാക്കി വരികയും ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly